തെങ്ങുരോഗങ്ങളും ഗവേഷണവും.

*210. [22] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) തെങ്ങുകൃഷിയുടെ രോഗങ്ങൾ കണ്ടുപിടിച്ച് അവയ്ക്ക് പരിഹാരം നേടുന്നതിന് വല്ല ഗവേഷണവും ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം;

(സി) ഗവേഷണം ആരംഭിച്ചിട്ട് എത്ര വർഷമായി?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഈ ഗവണ്മെന്റിൽനിന്നും ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ ഇൻഡ്യൻ സെൻട്രൽ കോക്കനട്ട് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഒരു ഗവേഷണകേന്ദ്രം ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) തിരുവിതാംകൂർ-കൊച്ചിയിൽ കായംകുളത്ത് കൃഷ്ണപുരത്ത് ഒരു കേന്ദ്രമുണ്ട്.

(സി) എട്ടുവർഷങ്ങളായിട്ടുണ്ട്.

ശ്രീ. എം. എം. മത്തായി: ഈ ഗവേഷണങ്ങൾക്കുവേണ്ടി ഗവണ്മെന്റിനിന്നും എത്രകിലും തുക ചെലവാക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹിം: സെൻട്രൽ ഗവണ്മെന്റിൽനിന്നുമാണ് ചെലവാക്കുന്നത്.

ശ്രീ. എം. എം. മത്തായി: തെങ്ങുകൃഷിയെ സഹായിക്കുന്നതിനുവേണ്ടി കൂടുതലായി എന്തെങ്കിലും നടപടികൾ നടത്തുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. എ. എ. റഹിം: അതിനുള്ള നടപടികളും ഗവണ്മെന്റ് ചെയ്തുകൊണ്ടിരിക്കുകയാണ്.

ശ്രീ. എം. എം. മത്തായി: ഇത്തരം ഗവേഷണങ്ങൾകൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടായിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: ഉണ്ട്. ചില പ്രത്യേക രോഗങ്ങളുടെ നിദാനം പൂർണ്ണമായി മനസ്സിലാക്കി അവയ്ക്ക് പ്രതിവിധികൾ കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്.

ശ്രീ. പി. നാരായണൻപോറ്റി: തെങ്ങുരോഗത്തിനുവേണ്ടി പ്രത്യേകം സർവ്വെ നടത്തിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: ഒരു പ്രത്യേക രോഗത്തായി സർവ്വെ നടത്തിയിട്ടില്ല.

തെങ്ങിൻതൈകൾ വിതരണം.

*211. [23] ശ്രീ. എം. എം. മത്തായി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) നല്ല ഇനം തെങ്ങിൻതൈകൾ വിതരണംചെയ്യുന്നതിന് വല്ല പദ്ധതിയുമുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തെല്ലാം?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) ഉണ്ട്.

(ബി) വിവിധ കേന്ദ്രങ്ങളിൽ തെങ്ങിൻതൈ (Cocoanut) നഴ്സറികൾ ആരംഭിച്ചു് അവിടെ ശാസ്ത്രീയമായ രീതിയിൽ നല്ലയിനം തൈകൾ ഉൽപ്പാദിപ്പിച്ചു് കൃഷിക്കാർക്കു വിതരണം ചെയ്യുക എന്നുള്ള പദ്ധതിയാണു് ഇപ്പോൾ നിലവിലിരിക്കുന്നതു്.

ശ്രീ. എം. എം. മത്തായി: കോക്കനട്ട് നഴ്സറികളിൽ പാകുന്നതിനുള്ള തൈകൾ ആരെങ്ങനെയാണു് തിരഞ്ഞെടുക്കുന്നതു്?

ശ്രീ. എ. എ. റഹിം: അതിലേയ്ക്കു് ഈ നഴ്സറികളിൽത്തന്നെ ഉദ്യോഗസ്ഥന്മാരെ വച്ചിട്ടുണ്ടു്.

ശ്രീ. എം. എം. മത്തായി: എങ്ങനെയാണു് ഇവർ തൈകൾ തിരഞ്ഞെടുക്കുന്നതു്?

ശ്രീ. എ. എ. റഹിം: നല്ല തേങ്ങനോക്കി പാകിയാണു്.

ശ്രീ. എം. എം. മത്തായി: ഇവ തിരഞ്ഞെടുക്കുന്ന [ഉദ്യോഗസ്ഥന്മാർക്കു് എന്തു ക്വാളിഫിക്കേഷനുണ്ടു്?

ശ്രീ. എ. എ. റഹിം: ഇവ തെരഞ്ഞെടുക്കാനാവശ്യമുള്ള ക്വാളിഫിക്കേഷനുണ്ടു്.

ശ്രീ. എം. എം. മത്തായി: എന്താണു് ആ ക്വാളിഫിക്കേഷൻ?

ശ്രീ. എ. എ. റഹിം: കൃഷിസംബന്ധിച്ചുള്ള പ്രത്യേക പരിചയമുള്ള ആളുകളെയാണു് ഇതിലേയ്ക്കു വച്ചിട്ടുള്ളതു്.

ശ്രീ. പി. നാരായണൻ പോറ്റി: ഇവിടെ എത്ര നഴ്സറിയുണ്ടു്?

ശ്രീ. എ. എ. റഹിം: എട്ടു നഴ്സറിയുണ്ടു്.

ശ്രീ. പി. നാരായണൻപോറ്റി: ആരംഭിച്ചിട്ടുള്ള എതെങ്കിലും നഴ്സറിസു് നിറുത്തിയിട്ടുണ്ടോ?

ശ്രീ. എ. എ. റഹിം: അതിനെപ്പറ്റി എനിക്കിപ്പോൾ അറിവില്ല.

ശ്രീ. എം. എം. മത്തായി: അസാധാരണമായ വിത്തുകൾ അവിടെ പാകുന്നുണ്ടോ?

ശ്രീ. എ. എ. റഹിം: അസാധാരണമായ വിത്തുകൾ ഒന്നും പാകുന്നില്ല. നല്ലയിനം തേങ്ങകൾ നോക്കി പാകുന്നുണ്ടു്.

ശ്രീ. പി. നാരായണൻപോറ്റി: കരുവാറ്റായിൽ ഒരു നഴ്സറി തുടങ്ങിയിട്ടു് പിന്നെ നിറുത്തുകയല്ലേ ചെയ്തതു്?

ശ്രീ. എ. എ. റഹിം: അതു ഒരു പ്രത്യേക ചോദ്യമായി ചോദിച്ചാലേ പറയാൻ നിവൃത്തിയുള്ളു.

LIBRARY ARCHIVES Kerala Legislative Assembly